**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

**<u>പത്രക്കുറിപ്പ്</u>**

**<u>കീം-2026</u>**

**എൻജിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം -അപേക്ഷകൾ ക്ഷണിച്ചു**

കേരളത്തിലെ എൻജിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള 2026-ലെ പ്രവേശനത്തിന് അർഹരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ www.cee.kerala.gov.in-ലെ **"**KEAM 2026 Online Application**"** എന്ന ലിങ്ക് വഴി 05.01.2026 **മുതൽ 31.01.2026 വൈകുന്നേരം 5.00 മണി വരെ** ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ജനനത്തീയതി, നാഷണാലിറ്റി എന്നിവ തെളിയിക്കുന്ന രേഖകളും ഫോട്ടോയും ഒപ്പം **ജനവരി 31-നകം** അപ്ലോഡ് ചെയ്യേണ്ടതുണ്ട്. എന്നാൽ മറ്റ് യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും രേഖകളും അപ്ലോഡ് ചെയ്യാൻ **ഫെബ്രുവരി 7 വൈകുന്നേരം 5.00 മണി വരെ** സമയം അനുവദിച്ചിട്ടുണ്ട്.

വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ കൺഫർമേഷൻ പേജോ മറ്റ് രേഖകളോ തപാൽ വഴി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേക്ക് അയക്കേണ്ടതില്ല. ഒന്നോ അതിലധികമോ കോഴ്സുകളിലേക്ക് അപേക്ഷിക്കാൻ ഒരാൾക്ക് ഒരു ഓൺലൈൻ അപേക്ഷ മാത്രമേ നൽകാൻ സാധിക്കൂ. കേരളത്തിലെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ നിർബന്ധമായും നിശ്ചിത സമയത്തിനകം കീം അപേക്ഷ സമർപ്പിക്കുകയും ഒപ്പം നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന NEET-UG 2026 പരീക്ഷ എഴുതി യോഗ്യത നേടുകയും വേണം. ആർക്കിടെക്ചർ കോഴ്സിനായി അപേക്ഷിക്കുന്നവർ കീം അപേക്ഷയോടൊപ്പം കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തുന്ന NATA പരീക്ഷയും എഴുതിയിരിക്കണം. കൂടുതൽ വിവരങ്ങൾക്കും പ്രോസ്പെക്ടസിനും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് സന്ദർശിക്കുക.

**ഹെൽപ് ലൈൻ നമ്പർ : 0471-2332120**

തിരുവനന്തപുരം
05-01-2026

**Signed by Arun S Nair**
**Date: 05-01-2026 10:52:47**

**പ്രവേശന പരീക്ഷാ കമ്മീഷണർ**